# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3970** **31.01.2014- ൽ മറുപടിക്ക്**

**"വ്യാപാര - വാണിജ്യ കേന്ദ്രങ്ങൾ സ്ഥാപിക്കൽ"**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. ബെന്നി ബെഹനാൻ**<br>**ശ്രീ. വർക്കല കഹാർ**<br>**ശ്രീ. ആർ. സെൽവരാജ്**<br>**ശ്രീ. ഹൈബി ഈഡൻ** | | **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് വ്യാപാര - വാണിജ്യ കേന്ദ്രങ്ങൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;<br><br>ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ; | എ) & ബി) | സംസ്ഥാനത്ത് തുറമുഖങ്ങളുടെയും വിമാനത്താവളങ്ങളുടെയും വികസന സാദ്ധ്യതകൾ മുന്നിൽ കണ്ടുകൊണ്ട് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ വ്യവസായ വികസന മേഖലകൾ സ്ഥാപിക്കുവാൻ കിൻഫ്ര ലക്ഷ്യമിടുന്നുണ്ട്. ഈ സ്ഥലങ്ങളിൽ അനുയോജ്യമായ ഭൂമി കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച്, വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള ഏകജാലക സംവിധാനം ലഭ്യമാക്കിക്കൊണ്ട്, ഇതു വഴി തുറമുഖ വിമാനത്താവള അധിഷ്ഠിത അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ഈ മേഖലയുമായി ബന്ധപ്പെട്ട് കയറ്റുമതി അധിഷ്ഠിതവും അല്ലാത്തതുമായ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും ഇതുമായി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ടിയാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. |
| സി) എവിടെയെല്ലാമാണ് ഇവ സ്ഥാപിക്കാനുദ്ദേശിക്കുന്നത് വിശദമാക്കുമോ;<br><br>ഡി) ഇതിനാവശ്യമായ സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം? | സി) & ഡി) | കിൻഫ്രയുടെ കീഴിൽ വ്യവസായ വികസന മേഖലകൾ സ്ഥാപിക്കുന്നതിനായി തിരുവനന്തപുരം , കൊച്ചി, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**